## പ്രധാനമന്ത്രി ഇസ്രയേൽ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി (ഫെബ്രുവരി 26, 2026)

ഫെബ്രുവരി 26, 2026

ഇസ്രയേൽ സന്ദർശന വേളയിൽ, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2026 ഫെബ്രുവരി 26 ന് ജറുസലേമിൽ വെച്ച് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി ഔദ്യോഗിക ചർച്ചകൾ നടത്തി.

2. ഇന്ത്യ-ഇസ്രായേൽ പങ്കാളിത്തത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഇരു പ്രധാനമന്ത്രിമാരും സമഗ്രമായ ചർച്ചകൾ നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ആഴത്തിലുള്ള വിശ്വാസവും സൗഹൃദവും പ്രതിഫലിപ്പിച്ചുകൊണ്ട് നേതാക്കൾ ഉഭയകക്ഷി ബന്ധം "സമാധാനം, നവീകരണം, സമൃദ്ധി എന്നിവയ്ക്കുള്ള പ്രത്യേക തന്ത്രപരമായ പങ്കാളിത്തം" ആയി ഉയർത്താൻ തീരുമാനിച്ചു. ഇരുരാജ്യങ്ങളുടെ താൽപ്പര്യങ്ങളുടെയും വർദ്ധിച്ചുവരുന്ന യോജിപ്പിന്റെയും, സുരക്ഷിതവും സമൃദ്ധവുമായ ഭാവിയിലേക്കുള്ള പങ്കിട്ട കാഴ്ചപ്പാടിന്റെയും പ്രതീകമാണ് ഈ പദവി ഉയർത്തൽ.

3. എല്ലാ മേഖലകളിലും ഉഭയകക്ഷി സഹകരണം കൈവരിച്ച പുരോഗതിയിൽ ഇരുനേതാക്കളും സംതൃപ്തി പ്രകടിപ്പിക്കുകയും വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, ബഹിരാകാശം, ഊർജ്ജം, നിർണായക സാങ്കേതികവിദ്യകൾ, സൈബർ സുരക്ഷ, വിദ്യാഭ്യാസം, ശാസ്ത്രീയ ഗവേഷണം, നവീകരണം എന്നീ മേഖലകളിലെ സഹകരണം കൂടുതൽ വിപുലീകരിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. കാർഷികം, ജല പരിപാലനം, സ്റ്റാർട്ടപ്പുകൾ, ഫിൻടെക്, ഡിജിറ്റൽ ഹെൽത്ത്കെയർ, ബയോടെക്നോളജി, അഡ്വാൻസ്ഡ് ഫാർമ എന്നീ മേഖലകളിലെ ഇന്ത്യ-ഇസ്രയേൽ പങ്കാളിത്തത്തിലുള്ള വലിയ സാധ്യതകളും അവർ അടിവരയിട്ട് പറഞ്ഞു. ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുന്നതിനായി പരസ്പരമുള്ള സഞ്ചാരസൗകര്യ പങ്കാളിത്തം വികസിപ്പിക്കുന്നതിനുള്ള പുതിയ സംരംഭങ്ങളെ ഇരുനേതാക്കളും സ്വാഗതം ചെയ്തു. നിർദ്ദിഷ്ട സ്വതന്ത്ര വ്യാപാര കരാർ എത്രയും വേഗം പൂർത്തിയാക്കണമെന്ന് ആഹ്വാനം ചെയ്ത അവർ, ഉഭയകക്ഷി നിക്ഷേപ ഉടമ്പടി, ഇന്ത്യ-ഇസ്രായേൽ ഇന്നൊവേഷൻ ബ്രിഡ്ജ്, കാർഷിക മേഖലയ്ക്കായുള്ള ഇന്ത്യ-ഇസ്രായേൽ ഇന്നൊവേഷൻ സെന്റർ, ഇന്ത്യ-

ഇസ്രായേൽ ഇൻഡസ്ട്രിയൽ R&D, ഇന്നൊവേഷൻ ഫണ്ട് എന്നിവ ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക, സംരംഭകത്വ, ശാസ്ത്രീയ സഹകരണങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ തൊഴിൽശക്തിയുടെ കഴിവുകളും ഇസ്രയേലിന്റെ നൂതനാശയാവിഷ്കാരങ്ങളും സമന്വയിപ്പിച്ച് AI, അർദ്ധചാലകങ്ങൾ, ക്വാണ്ടം, മറ്റ് അത്യാധുനിക സാങ്കേതികവിദ്യകൾ എന്നീ മേഖലകളിൽ കൂടുതൽ സഹകരനത്തിനും അവർ ആഹ്വാനം ചെയ്തു.

4. പരസ്പര താൽപര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു. ഗാസ സമാധാന പദ്ധതിക്ക്  പ്രധാനമന്ത്രി തന്റെ പിന്തുണ അറിയിക്കുകയും, ഈ സംരംഭം മേഖലയിൽ സമാധാനവും സുസ്ഥിരതയും കൊണ്ടുവരുമെന്ന് പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു. IMEC, I2U2 സംരംഭങ്ങളിൽ ഇരുരാജ്യങ്ങളും തമ്മിൽ കൂടുതൽ സഹകരണം വേണമെന്ന് ഇരുനേതാക്കളും ആഹ്വാനം ചെയ്തു. ഭീകരവാദത്തിനെതിരായ ആഗോള പോരാട്ടം ശക്തിപ്പെടുത്താനുള്ള തങ്ങളുടെ ദൃഢനിശ്ചയവും അവർ വ്യക്തമാക്കി. ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ പോരാട്ടത്തിൽ ഇസ്രയേൽ നൽകിയ പിന്തുണയ്ക്ക് പ്രധാനമന്ത്രി നെതന്യാഹുവിന് പ്രധാനമന്ത്രി നന്ദി പറഞ്ഞു.

5. ചർച്ചകളെത്തുടർന്ന്, നിരവധി കരാറുകളും ധാരണാപത്രങ്ങളും കൈമാറി [Link]. ഈ ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി ഉഭയകക്ഷി പങ്കാളിത്തത്തിന്റെ ഭാവി പ്രവർത്തനരേഖ വ്യക്തമാക്കുന്ന സംയുക്ത പ്രസ്താവനയും അംഗീകരിച്ചു [ലിങ്ക്].

6. തനിക്ക് ലഭിച്ച ഊഷ്മളമായ സ്വീകരണത്തിനും ആതിഥ്യമര്യാദയ്ക്കും പ്രധാനമന്ത്രി നെതന്യാഹുവിന് നന്ദി പറഞ്ഞു.

**ജറുസലേം**

**ഫെബ്രുവരി 26, 2026**